# വിശ്വാസി

ക്രിസ്തീയ വിശ്വാസത്തിന്റെ പ്രതീകം

VOL. 17 No. 11 PUBLISHED FROM DELHI PRICE Rs. 3/- NOVEMBER 2013

## സ്നേഹ നിധി എം. പി. ത്രി. പ്രകാശനം ചെയ്തു

***അടൂർ:*** ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ പുറത്തിറക്കിയ **സ്നേഹനിധി** എന്ന ക്രൈസ്തവ ഗാനസമാഹാരം 2013 ഒക്ടോബർ 13 ഞായറാഴ്ച വൈകിട്ട് 5 മണിക്ക് ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിൽ വച്ച് പ്രകാശനം ചെയ്തു. *കാണുന്നു ഞാൻ വിശ്വാസത്താൽ* എന്ന ലോകപ്രശസ്തമായ മലയാള ക്രൈസ്തവഗാനത്തിന്റെ രചയിതാവ് ബ്രദർ സുനിൽ പി. കോശി ആദ്യ പ്രതി ഡൽഹി കിംഗ്സ് വേക്യാംപ് ഫെയ്ത്ത് ഫെല്ലോഷിപ്പ് സഭാ ശുശ്രൂഷകൻ പാസ്റ്റർ ബിനു പി. ജോണിന് നൽകിക്കൊണ്ടാണ് പ്രകാശനം നിർവ്വഹിച്ചത്. ഒരൊറ്റ ഗാനം മതി നമ്മുടെ ജീവിതം മാറി മറിയുവാൻ. അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ബ്രദർ സുനിൽ പ്രസ്താവിച്ചു. ക്രിസ്തീയ ഗാനങ്ങൾ അനുഭവത്തിന്റെ മൂശയിലാണ് രൂപപ്പെടുന്നത്. ചില ഗാനസന്ദർഭങ്ങൾ വിവരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു.

സ്നേഹനിധി എന്ന ഗാനസമാഹാരത്തിന്റെ ഗാനരചയിതാവും നിർമ്മാതാവുമായ പാസ്റ്റർ എം സാമുവൽകുട്ടി തന്റെ രചനാനുഭവങ്ങളെ പങ്കുവച്ചു. മരണം സംഭവിക്കുവാൻ സാദ്ധ്യതയുള്ള ഒരു കാറപകടത്തിൽനിന്ന് ദൈവം തന്നെപോറിൽ പോലുമേൽക്കാതെ രക്ഷിച്ചപ്പോൾ എഴുതിയ ഗാനമാണ് ആശ്രയമെന്നും എന്നേശുവിൽ മാത്രം. മറ്റു പലഗാനങ്ങളുടെയും രചനാസന്ദർഭം ദൈവദാസൻ വ്യക്തമാക്കി. സ്നേഹനിധിയുടെ ആദ്യ വിൽപ്പന ബ്രദർ എം.വൈ. ജോർജ്ജിന് നൽകിക്കൊണ്ട് പാസ്റ്റർ എം സാമുവൽകുട്ടി നിർവ്വഹിച്ചു.

സ്നേഹനിധിയിലെ വിവിധ ഗാനങ്ങൾ ബ്രദർ പോൾസൺ മനുവേൽ, ബ്രദർ ജോമോൻ, ബ്രദർ ലാസർ എന്നിവർ ആലപിച്ചു. സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ, കൺവൻഷൻ ഗാനങ്ങൾ, സ്നേഹമാധുരി, സ്നേഹധ്വനിയുടെ ഹിന്ദി പതിപ്പായ പ്രേംവാണി,സ്നേഹമാധുരിയുടെ തെലുങ്ക് പതിപ്പായ പ്രേമമാധുരി എന്നിവയിലെ ഗാനങ്ങളുടെ സമാഹാരമാണ് സ്നേഹനിധി.



സ്നേഹ നിധിയുടെ പ്രകാശനം ബ്രദർ സുനിൽ പി. കോശി നിർവ്വഹിക്കുന്നു. പാസ്റ്റർമാരായ എം. സാമുവൽകുട്ടി, ബിനു ജോൺ, എബി ജോർജ് എന്നിവർ വേദിയിൽ

## എഫ്. സി. ബി. സി.യിൽ പുതിയ കോഴ്സ്

***അടൂർ:*** ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിൽ ബി.റ്റി.എച്ച് എക്സ്റ്റേണൽ കോഴ്സ് ആരംഭിച്ചു. 2013 ഒക്ടോബർ 13 ഞായറാഴ്ച വൈകിട്ട് 3 മണിക്ക് പുതിയ കോഴ്സ് കോളജ് ഡയറക്ടർ പാസ്റ്റർ എം.സമുവൽകുട്ടി ഉദ്ഘാടനം ചെയ്തു. ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെ എട്ടാമത്തെ പ്രവർത്തനവർഷത്തിൽ പുതിയ ഒരു കോഴ്സു കൂടെ ആരംഭിക്കുവാൻ കഴിഞ്ഞതിൽ ദൈവദസൻ സന്തോഷം രേഖപ്പെടുത്തി. ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിൽ സായാഹ്നകോഴ്സ് വിജയകരമായി പൂർത്തിയക്കിയവർക്കും തത്തുല്ല്യ കോഴ്സ് പാസായിട്ടുള്ളവർക്കും വേണ്ടിയാണ് ഈ കോഴ്സ്. കോളജിൽ നിന്നും നൽകുന്ന നോട്ടുകളും സെമസ്റ്ററുകളുടെ ആരംഭത്തിലും അവസാനത്തിലും നൽകുന്ന കോണ്ടാക്ട് ക്ലാസ്സുകൾ വഴിയായും അദ്ധ്യയനം നടത്താവുന്നതാണ്. കോളജിൽ താമസിച്ച് തുടർ പഠനം

(ശേഷം രണ്ടാം പേജിൽ)




*പാസ്റ്റർ എം. സാമുവൽകുട്ടി പുതിയ കോഴ്സ് ഉദ്ഘാടനം ചെയ്യുന്നു*

## വിശ്വാസ സ്നാനത്തെ ശരിവച്ച് പുസ്തകമെഴുതിയ പ്രൊഫസർക്ക് വീട്ടുവളപ്പിൽ അന്ത്യവിശ്രമം

***തൊടുപുഴ:*** സി.എസ്.ഐ. സഭയുടെ വചനവിരുദ്ധമായ ശിശുസ്നാനത്തിനെതിരെ ജലസ്നാനം ഒരു പഠനം എന്ന പുസ്തകമെഴുതിയ എളുമ്പുറം സെന്റ് മത്ത്യാസ് സി. എസ്. ഐ. ഇടവകാംഗവും മുട്ടം ചുവന്നപ്ലാക്കൽ പ്രൊഫ. സി.സി. ജേക്കബ് ഒക്ടോബർ നാല് ശനിയാഴ്ച നിര്യാതനായി. തുടർന്ന് ഞയറാഴ്ച ഭവനാങ്കണത്തിൽ നടന്ന സംസ്കാര ശുശ്രൂഷയ്ക്ക് റവ. പി. വി. ജോസഫ് നേതൃത്വം നൽകി. വൈദികരും പാസ്റ്റർമാരും സഭാജനങ്ങളും പൊതു സമൂഹവും അടങ്ങിയ വൻജനാവലി വിടവാങ്ങലിന് സാക്ഷ്യം വഹിച്ചു.

ഭവനത്തിലെ ശുശ്രൂഷകൾക്ക് ശേഷം പള്ളി ഉടമസ്ഥതയിലുള്ള കുടുംബ കല്ലറയിൽ സംസ്കരിക്കാൻ സഭാനേതൃത്വം അനുവാദം നൽകാതിരുന്നതാനാൽ വീട്ടുവളപ്പിൽ കല്ലറ തയ്യാറാക്കി സംസ്കരിച്ചു. പിതാവ് കൈക്കൊണ്ട ആത്മീയ യാഥാർത്ഥ്യങ്ങൾ തെറ്റെന്നു സമ്മതിച്ചാൽ മൃതദേഹം പള്ളി സെമിത്തേരിയിൽ സംസ്കരിക്കാം എന്ന പള്ളി അധികാരികളുടെ വാഗ്ദാനം തന്റെ പിതാവിന്റെ തീരുമാനം തെറ്റല്ല എന്ന് തോന്നുന്നതിനാൽ നിഷേധിക്കുകയാണ് ചെയ്തതെന്ന് മകൻ സന്തോഷ് ജേക്കബ് മാധ്യമങ്ങളോട് പറഞ്ഞു. ആഴ്ചയിൽ രണ്ടു വട്ടം ഡയാലിസിസിന് വിധേയനായി രോഗിയായിരുന്നപ്പോഴും താൻ മനസിലാക്കിയ വചന സത്യങ്ങൾക്ക് വേണ്ടി നിലനിന്നു.

2005- ൽ തനിക്കുണ്ടായ ഹൃദയാഘാതത്തെ തുടർന്ന് വൈദ്യശാസ്ത്രം മരണദിനങ്ങൾ തിട്ടപ്പെടുത്തിയ നിമിഷം യേശുക്രിസ്തുവിലൂടെ ലഭ്യമായ അത്ഭുത രോഗശാന്തിയാണ് പ്രൊഫ. ജേക്കബിന്റെ ആത്മീയ നവീകരണത്തിന് കാരണമായ സംഭവം. വചന സത്യങ്ങൾ തന്നെ സ്നാനത്തിന്റെ ആവിശ്യകത ബോധ്യപ്പെടുത്തിയതിനാൽ 2005 തന്നെ ജലത്തിൽ കർത്താവിനെ സാക്ഷീകരിച്ചു. 2008-ൽ വിശ്വാസ സ്നാനത്തിന്റെ ആവശ്യകതയെ ബോധ്യമാക്കുന്ന പുസ്തകം രചിച്ചതിന്റെ പേരിൽ സി.എസ്.ഐ. ഈസ്റ്റ് കേരളാ ബിഷപ്പ് ഡോ. കെ.ജി. ദാനിയേൽ സഭയിൽ നിന്ന് പ്രൊഫസറെ മുടക്കി. അതേ തുടർന്ന് നടന്ന കോടതി വ്യവഹാരത്തിൽ ഈരാറ്റുപേട്ട മുൻസിഫ് സെക്ഷൻ കോടതി ബിഷപ്പിന്റെയും കുട്ടരുടേയും വേദപുസ്തക വിരുദ്ധമായ നടപടി നീതിക്കു നിരക്കാത്തതും നിയമവിരുദ്ധവുമെന്ന് വിധിച്ചു. സി.എസ്.ഐ. സഭയിലെ സമാനമനസ്ക്കരായ വിശ്വാസികളെ ഒത്തോരുമിപ്പിച്ച് ഭാരതീയ സുവിശേഷീകരണം എന്ന ലക്ഷ്യപ്രാപ്തിക്കു വേണ്ടി സേവ് ഇന്ത്യ പ്രെയർ ഫെലോഷിപ്പ് എന്ന പ്രസ്ഥാനത്തിന് രൂപം നൽകി. പ്രൊഫസറിന്റെ ആത്മീയ നിലപാടുകളിൽ ഉറച്ചു നിൽക്കുവാനുള്ള തീരുമാനത്തിലാണ് കുടുംബം. ഭാര്യ മേരി ജേക്കബ് (റിസർവ്വ് ബാങ്ക് ഉദ്യോഗസ്ഥ), മകൻ സന്തോഷ് (പോസ്റ്റൽ ഡിപ്പാർട്ട്മെന്റ്) മകൾ സുമ (ടീച്ചർ)

(കടപ്പാട്: *ക്രൈസ്തവ ചിന്ത*)

## ഗുഡ്ന്യൂസ് ഫെസ്റ്റിവൽ സമാപിച്ചു

***ന്യൂഡൽഹി:*** മലയാളത്തിലെ പ്രഥമ പെന്തക്കൊസ്തു വാർത്താവാരികയായ ഗുഡ്ന്യൂസിന്റെയും ശ്രീനിവാസ്പുരി പ്രെയിസ് ചിൽഡൻസ് ക്ലബ്ബിന്റെയും ആഭിമുഖ്യത്തിൽ രണ്ടാമത് ഗുഡ്ന്യൂസ് ഫെസ്റ്റിവൽ ഒക്ടോബർ 18 മുതൽ 20 വരെ ശ്രീനിവാസപുരി നേഴ്സസ് റെസിഡൻഷ്യൽ കോംപ്ലക്സിൽ വച്ച് നടന്നു.

ഗുഡ് ന്യൂസ് ചീഫ് എഡിറ്റർ ബ്രദർ സി. വി. മാത്യു ഉദ്ഘാടനം ചെയ്ത പ്രസ്തുത യോഗത്തിൽ സുപ്രസിദ്ധ സുവിശേഷകനായ യോനാഥാൻ അൻസ്വാർ (അംബാല) മുഖ്യ പ്രഭാഷകനായിരുന്നു. സിസ്റ്റർ പേഴ്സീസ് ജോണിന്റെ നേതൃത്വത്തിലുള്ള ഗായകസംഘം ആത്മീക ആരാധനയ്ക്ക് നേതൃത്വം നൽകി.

(ശേഷം രണ്ടാം പേജിൽ)




*വിശിഷ്ടാതിഥികൾ ഗുഡ്ന്യൂസ് പ്രവർത്തകരോടോപ്പം*

പത്രാധിപ ലേഖനം.......

# മനുഷ്യജീവൻ വിലയേറിയത്



ചരിത്രം കണ്ട ഏറ്റവും വിജയകരമായ രക്ഷാപ്രവർത്തനത്തിനാണ് ഇന്ത്യ കഴിഞ്ഞമാസം സാക്ഷ്യം വഹിച്ചത്. പിഴച്ചുപോകുന്ന പ്രവചനങ്ങളുടെ പേരിൽഏറെ പഴി കേട്ടുകൊണ്ടിരുന്ന ഇന്ത്യൻ കാലാവസ്ഥാ വകുപ്പിന്റെ പേരുദോഷം ഒഡീഷ–ആന്ധ്രാ തീരങ്ങളിൽ ആഞ്ഞടിച്ച ഫൈലിൻ ചുഴലിക്കാറ്റ് മാറ്റിയെഴുതി. കൊടുങ്കാറ്റിന്റെ സംഹാരശേഷിയെപ്പറ്റി ലോകത്തിലെ പല പ്രമുഖ കാലാവസ്ഥാ നിരീക്ഷണ ഏജൻസികളും പ്രവചനങ്ങൾ നടത്തിയെങ്കിലും ഏറ്റവും കൃത്യമായത് ഇന്ത്യൻ കാലാവസ്ഥാ വകുപ്പിന്റേതായിരുന്നു. മനുഷ്യജീവനാണ് ഏറ്റവും വിലയേറിയതെന്ന തിരിച്ചറിവിൽ ഏതു സാഹചര്യത്തിലും അതു സംരക്ഷിക്കാനുള്ള ഉത്തരവാദിത്തം ഇന്ത്യ ഫലപ്രദമായി നിറവേറ്റിയിരിക്കുന്നു. ഉത്തരാഖണ്ഡിലെ നാണക്കേടിൽ നിന്നും ലോകറെക്കാർഡിലേക്കാണ് ഇത്തവണ ശാസ്ത്രജ്ഞന്മാർ ചുവടു വച്ചത്. കാറ്റിന്റെ പ്രഭവകേന്ദ്രവും സഞ്ചാരപഥവും പിഴയ്ക്കാതെ പ്രവചിച്ച കാലാവസ്ഥാ വിദഗ്ധരും ദുരന്തത്തെ നേരിടുവാനുള്ള തയ്യാറെടുപ്പുകളുമായി സൈനിക, ദുരന്തനിവാരണ സേനകളും സർക്കാർ ഏജൻസികളും മാധ്യമങ്ങളും അണിചേർന്നപ്പോൾ കൊടുങ്കാറ്റിന്റെ താണ്ഡവത്തിൽ നിന്നും ദുരന്ത വഴിയിൽ നിന്നും രക്ഷയുടെ തീരത്തെത്തിയത് പത്തു ലക്ഷത്തിലേറെ പേർ. വിരലിലെണ്ണാവുന്നവർക്കു മാത്രമാണ് ജീവൻ നഷ്ടപ്പെട്ടത്. അവയിൽ പലതും കാറ്റിലകപ്പെട്ടിട്ടുള്ള അപകടങ്ങളായിരുന്നുമില്ല. മരണസംഖ്യ വളരെ കുറവായത് കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെ ഏകോപിച്ചുള്ള പ്രവർത്തനത്തിന്റെ ഫലമാണ്.

രാജ്യത്തിന്റെ ദുരന്തനിവാരണ യത്നങ്ങളുടെ ചരിത്രത്തിൽ ഒരു പുതിയ അധ്യായമാണിത്. 1999ൽ ഒഡീഷാ തീരത്ത് നാശം വിതച്ച ചുഴലിക്കാറ്റിൽ 15,000 പേർക്ക് ജീവഹാനി സംഭവിച്ചു. അന്നത്തെ വീഴ്ചകളിൽ നിന്ന് പാഠങ്ങൾ ഉൾകൊണ്ട് രാജ്യത്തിന് ഇത്തവണ പ്രവർത്തിക്കാനായി. കാലാവസ്ഥാ പഠനകേന്ദ്രങ്ങളുടെ മുന്നറിയിപ്പുണ്ടായിട്ടും ഉത്തരാഖണ്ഡിൽ മൂന്നുമാസം മുമ്പുണ്ടായ വെള്ളപ്പൊക്കത്തിൽ ആയിരങ്ങൾക്ക് ജീവാപായം സംഭവിച്ചതും ജനങ്ങൾ ദിവസങ്ങളോളം മലയിടുക്കുകളിൽ ഒറ്റപ്പെട്ടുപോയതും ദുരന്തം നേരിടാൻ സംസ്ഥാനസർക്കാർ വേണ്ടത്ര തയ്യാറെടുപ്പ് നടത്താത്തതിനാലാണെന്ന് ആരോപണം ഉയർന്നിരുന്നു. ഉത്തരാഖണ്ഡ് ദുരന്തം പ്രവചിക്കാനായില്ല. ഒരു പരിധിവരെ പ്രവചിച്ചെന്ന വാദം അംഗീകരിച്ചാലും ആയിരക്കണക്കിന് ജീവനുകൾ കുത്തിയൊലിച്ചു പോകുന്നത് തടയാൻ കഴിഞ്ഞില്ല. എന്നാൽ കടൽകയറി വന്ന കാറ്റ് ഇന്ത്യൻ കാലാവസ്ഥാ വിഭാഗം കിറുകൃത്യം പ്രവചിച്ചു. ആ പ്രവചനത്തിൽ ഉറച്ചുനിന്ന് എണ്ണയിട്ട യന്ത്രം പോലെ രക്ഷാപ്രവർത്തനത്തിൽ മുഴുകി. വിലപ്പെട്ട ജീവനുകൾ കൈമോശം വരാതെ കാത്തു.

ഒക്ടോബർ എട്ടിനാണ് ബംഗാൾ ഉൾകടലിൽ ന്യൂനമർദത്തിന്റെ ആദ്യ ലക്ഷണം കണ്ടത്. ചൈനാക്കടലിൽ ആഞ്ഞടിച്ച കാറ്റിന്റെ അവശിഷ്ടത്തിൽ നിന്ന് ഉടലെടുത്ത ഈ മേഘപടലം ഏതാനും ദിവസത്തിനുള്ളിൽ ചുഴലിക്കാറ്റായി മാറുമെന്ന് ഇന്ത്യൻ കാലാവസ്ഥാ വിഭാഗം ആദ്യ മുന്നറിയിപ്പ് നൽകി. 12–ാം തീയതി ശനിയാഴ്ച രാത്രി ഒമ്പതു മണിയോടെ കാറ്റ് ഒഡീസയിലെ ഗോപാൽപൂരിൽ കരയിലേക്ക് കയറുമെന്നായിരുന്നു നിഗമനം. കാറ്റിന്റെ വേഗം മണിക്കൂറിൽ 200–210 കിലോമീറ്റർ ആയിരിക്കുമെന്നും കാലാവസ്ഥാ കേന്ദ്രം പ്രവചിച്ചിരുന്നു. എന്നാൽ വിദേശ കാലാവസ്ഥാ നിരീക്ഷണ ഏജൻസികൾ കാറ്റിന്റെ വേഗം 315 കിലോമീറ്റർ വരെ ഉയർന്ന് ഫൈലിൻ സൂപ്പർ സൈക്ളോൺ ആകുമെന്ന് പ്രവചിച്ചു. തിരയുടെ ഉയരം ആറു മീറ്റർ വരെ ഉയരുമെന്നും അവർ പറഞ്ഞു. എന്നാൽ ഇന്ത്യൻ കാലാവസ്ഥാവിഭാഗത്തിന്റെ ന്യൂഡൽഹിയിലുള്ള ആസ്ഥാനത്ത് ചുഴലിയെ നിരീക്ഷിച്ചുകൊണ്ടിരുന്ന 500 പേരടങ്ങുന്ന വിദഗ്ധ ശാസ്ത്ര സംഘം വിദേശികളുടെ ഈ മുന്നറിയിപ്പ് തള്ളിക്കളയുകയും 200 കിലോമിറ്റർ എന്ന തങ്ങളുടെ നിഗമനത്തിൽ ഉറച്ചുനിൽക്കുകയും ചെയ്തു. തിരയുടെ പരമാവധി ഉയരം 3 മീറ്റർ ആയിരിക്കുമെന്നും മുന്നറിയിപ്പ് നൽകി. ഇതു കൃത്യമായിരുന്നുവെന്ന് ശനിയാഴ്ച രാത്രിയിൽ ഗോപാൽപൂർ തെളിയിച്ചു. 2004ലെ സുനാമിയ്ക്ക് ശേഷം രാജ്യം കൈക്കൊണ്ട മുൻകരുതൽ നടപടികളുടെ ഫലമാണ് ഇത്തവണ കണ്ടതെന്നായിരുന്നു രക്ഷാപ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ച കേന്ദ്ര ആഭ്യന്തര സഹമന്ത്രി അഭിപ്രായപ്പെട്ടത്.

ദിവസങ്ങൾക്ക് മുമ്പുതന്നെ സംസ്ഥാന സർക്കാരിനും കേന്ദ്രസർക്കാരിനും സൈന്യത്തിനും മാധ്യമങ്ങൾക്കും കാറ്റിന്റെ വരവ് സംബന്ധിച്ച് കാലാവസ്ഥാ വകുപ്പ് വിവരങ്ങൾ നൽകിയിരുന്നു. കാലാവസ്ഥാ വകുപ്പിന്റെ സൈക്ളോൺ നിരീക്ഷണ ഡോപ്രർ റഡാറുകളും ഉപഗ്രഹങ്ങളുമാണ് ഫൈലിൻ ചുഴലിയെ പിൻതുടർന്ന് ശാസ്ത്രജ്ഞർക്ക് തൽസമയം ഇമേജുകൾ നൽകിയത്. എന്നാൽ 14 വർഷം മുമ്പ് 1999ൽ ഗോപാൽപൂരിലെ ഇതേ സ്ഥലത്ത് വീശിയടിച്ച ചുഴലിയുടെ സമയത്തും ആന്ധ്രാ ചുഴലിയുടെ സമയത്തും മുന്നറിയിപ്പ് നൽകാൻ ഇന്ത്യയ്ക്ക് യാതൊരു സംവിധാനവും ഇല്ലായിരുന്നതിനാൽ പതിനായിരക്കണക്കിന് ജീവനാണ് പൊലിഞ്ഞത്. ഇന്ന് ബംഗാൾ ഉൾക്കടലിലോ അറബിക്കടലിലോ ഉണ്ടാകുന്ന ചെറിയ തിരയിളക്കം മുതൽ വമ്പൻ ചുഴലി വരെ നിരീക്ഷിച്ചു തൽസമയം വിവരം നൽകാൻ ഉപഗ്രഹ സാങ്കേതിക വിദ്യയുടെ സഹായത്താൽ ഇന്ത്യയ്ക്ക് കഴിയും.

അപകട മേഖലകളിൽ നിന്ന് ജനങ്ങളെ കുടിയൊഴിപ്പിച്ച് സുരക്ഷിത സ്ഥാനങ്ങളിലേക്ക് എത്രയും വേഗം മാറ്റിയതുകൊണ്ടാണ് ഒരു ദേശീയ ദുരന്തം ഒഴിവായത്. ലോകബാങ്കിന്റെയും കേന്ദ്രസർക്കാരിന്റെയും സഹായത്തോടെ തീര പ്രദേശങ്ങളിൽ നിർമ്മിച്ചിരിക്കുന്ന അഭയകേന്ദ്രങ്ങൾക്ക് ചുഴലിക്കാറ്റിനേയും ഇടത്തരം ഭൂകമ്പങ്ങളേയും അതിജീവിക്കാനാകും. രണ്ടു സംസ്ഥാനങ്ങളിൽ നിന്നും പത്തു ലക്ഷം ജനങ്ങളെ ചുരുങ്ങിയ സമയംകൊണ്ട് സുരക്ഷിത കേന്ദ്രങ്ങളിലേക്ക് മറ്റാനായി എന്നത് പ്രശംസനീയം തന്നെ. പതിനാലു വർഷങ്ങൾക്കുള്ളിൽ രാജ്യം കണ്ട ഏറ്റവും വലിയ പുനരധിവാസമാണിത്. കരസേനയും വ്യോമസേനയും പത്ത് രക്ഷാസംഘങ്ങൾക്ക് പുറമേ 12 വിമാനങ്ങളും 18 ഹെലികോപ്ടറുകളും രക്ഷാപ്രവർത്തനത്തിന് നിയോഗിച്ചു. നാവികസേന വിട്ടുകൊടുത്തത് 2 കപ്പലുകളും 7 ഹെലികോപ്ടറുകളും. എൻജിനീയറിംങ്ങ് സംഘങ്ങൾ ദുരന്തമേഖലയിൽ സർവ്വസജ്ജരായി നിന്നു. ദേശീയ ദുരന്താശ്വാസ സേനയുടെ 26 സംഘങ്ങൾ ഒഡീസയും 19 സംഘങ്ങൾ ആന്ധ്രയിലും ക്യാമ്പ് ചെയ്തു. ബംഗാൾ, ബീഹാർ, ജാർഖണ്ഡ് എന്നിവിടങ്ങളിലേക്ക് 8 സംഘത്തെ നിയോഗിച്ചു. ഫുഡ് കോർപറേഷൻ ഓഫ് ഇന്ത്യ സംഭരണശാലകളിൽ ആറുമാസത്തേക്കുള്ള ഭക്ഷ്യധാന്യങ്ങൾ മുൻകൂട്ടി ശേഖരിച്ചു. ദുരന്ത മേഖലകളിൽ 44 സാറ്റ്ലൈറ്റ് ഫോണുകൾ എത്തിച്ച് വാർത്താവിനിമയ ബന്ധം മുറിയാതെ കാത്തു. വേണ്ടത്ര ഡീസലും മണ്ണെണ്ണയും ലഭ്യമാണെന്ന് പെട്രോളിയം മന്ത്രാലയം ഉറപ്പാക്കി. ആവശ്യത്തിന് വ്യോമയാന ഇന്ധനം സംഭരിച്ചു. റെയിൽവേ ഡീസൽ എൻജിനുകളും അവശ്യവസ്തുക്കളും പാളം നന്നാക്കാനുള്ള ഉപകരണങ്ങളും നിറച്ച ചരക്കുവണ്ടികൾ പ്രധാന കേന്ദ്രങ്ങളിൽ തയ്യാറാക്കി നിർത്തി. റെയിൽവേയുടെ 25 കൺട്രോളിംങ്ങ് സ്റ്റേഷനുകളിൽ ശുദ്ധജലം, വാർത്താവിനിമയ സൗകര്യം, ഭക്ഷണം, മരുന്ന് എന്നിവ ലഭ്യമാക്കി. വൻ സംഭരണശേഷിയുള്ള കുടിവെള്ള ടാങ്കുകൾ,ജലവിതരണ ടാങ്കറുകൾ, പാക്കറ്റ് കുടിവെള്ളം എന്നിവ സംഭരിച്ചുവച്ചു. കൊടുങ്കാറ്റ് ശമിച്ചാലുടൻ വൈദ്യുതി– വാർത്താവിനിമയ ബന്ധവും റോഡുകൾ ഗതാഗത യോഗ്യമാക്കുവാനുമുള്ള സംഘങ്ങൾ മുൻകൂട്ടി സ്ഥലത്തെത്തിയിരുന്നു. ചുഴലിക്കാറ്റിനെപ്പറ്റി കൃത്യമായ വിവരം കൈമാറിയ ശാസ്ത്രലോകവും പുനരധിവാസത്തിനും രക്ഷാപ്രവർത്തനങ്ങൾക്കും നേതൃത്വം നൽകിയ കേന്ദ്ര–സംസ്ഥാന സേനകളും സർക്കാർ സംവിധാനങ്ങളും രാജ്യത്തിന്റെ ആദരം അർഹിക്കുന്നു.

പ്രകൃതിക്ഷോഭങ്ങളെ തടയുവാൻ ആർക്കും കഴിയില്ല എങ്കിലും അതിലൂടെയുണ്ടാകുന്ന ജീവനാശത്തെ തടയുവാൻ ഉത്തരവാദപ്പെട്ടവർ എത്രമാത്രം ജാഗരൂകരായിരിക്കുന്നുവെന്ന് ഈ സംഭവത്തിലൂടെ നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഇത് വീണ്ടുംജനനം പ്രാപിച്ച ഓരോ വിശ്വാസിക്കുമുള്ള താക്കീതാണ്. നിത്യനാശത്തിലേക്ക് നിപതിച്ചുകൊണ്ടിരിക്കുന്ന ഓരോ ആത്മാവിനേയും രക്ഷിക്കേണ്ടത് നമ്മുടെ ഓരോരുത്തരുടേയും ഉത്തരവാദിത്വമാണ്. ഈ ഉത്തരവാദിത്വത്തിൻ നിന്നും ഒഴിഞ്ഞിരിക്കുവാൻ ആർക്കും സാധിക്കുകയില്ല. മനുഷ്യപുത്രാ, ഞാൻ നിന്നെ യിസ്രായേൽ ഗൃഹത്തിന് കാവൽക്കാരനാക്കിയിരിക്കുന്നു. നീ എന്റെ വായിൽ നിന്ന് വചനം കേട്ട് എന്റെ നാമത്തിൽ അവരെ പ്രബോധിപ്പിക്കണം. ഞാൻ ദുഷ്ടനോട്: നീ മരിക്കും എന്ന് കൽപ്പിക്കുമ്പോൾ നീ അവനെ ഓർപ്പിക്കയോ ദുഷ്ടനെ ജീവനോടെ രക്ഷിക്കേണ്ടതിന് അവൻ തന്റെ ദുർമാർഗ്ഗം വിടുവാൻ അവനെ ഓർപ്പിച്ചുകൊണ്ട് ഒന്നും പറകയോ ചെയ്യാഞ്ഞാൽ, ദുഷ്ടൻ തന്റെ അകൃത്യത്തിൽ മരിക്കും, അവന്റെ രക്തമോ ഞാൻ നിന്നോട് ചോദിക്കും. എന്നാൽ നീ ദുഷ്ടനെ ഓർമ്മിപ്പിച്ചിട്ടും അവൻ തന്റെ ദുർമാർഗ്ഗം വിട്ടുതിരിയുന്നില്ലെങ്കിൽ അവൻ തന്റെ അകൃത്യത്തിൽ മരിക്കും; നീയോ നിന്റെ പ്രാണനെ രക്ഷിച്ചിരിക്കുന്നു(യെഹെസ്കേൽ 3:17–19). സുവിശേഷം പറയുക എന്നതാണ് നമ്മുടെ കടമ. നിത്യനാശത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന ചിലരെയെങ്കിലും സുരക്ഷിത താവളത്തിൽ എത്തിക്കുവാൻ സുവിശേഷീകരണം മൂലം നമുക്കോരോരുത്തർക്കും സാധിക്കും.

*- പാസ്റ്റർ എം. സാമുവൽകുട്ടി*

# ഗുഡ്നൂസ് ഫെസ്റ്റിവൽ

(ഒന്നാം പേജിൽ നിന്നും തുടർച്ച)

ശനിയാഴ്ച രാവിലെ ബൈബിൾ ക്ലാസ്സും ഉച്ചയ്ക്ക് ശേഷം ഗുഡ്ന്യൂസ് കോഓർഡിനേറ്റേഴ്സ് മീറ്റിംങ്ങും നടന്നു. അതോടൊപ്പം സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്നവരും യാത്രാസൗകര്യത്തിന് വാഹനങ്ങൾ ഇല്ലാത്തവരുമായ വടക്കേന്ത്യയിലെ 25 സുവിശേഷകന്മാർക്ക് ഫെസ്റ്റിവലിന്റെ ഭാഗമായി സൗജന്യമായി സൈക്കിൾ വിതരണം ചെയ്തു. സമാപന സംമ്മേളനത്തിൽ കഴിഞ്ഞ 2012–2013 അദ്ധ്യയനവർഷത്തിൽ +2 വിന് ഉന്നതമാർക്കോടെ പാസായ വടക്കേഇന്ത്യയിലെ പെന്തക്കൊസ്തു സഭകളിലെ കുട്ടികൾക്ക് ക്യാഷ് അവാർഡ് വിതരണം ചെയ്തു.വടക്കേഇന്ത്യയിൽ കഴിഞ്ഞ നാൽപ്പതിലധികം വർഷങ്ങളായി ദൈവവേലയിലായിരിക്കുന്ന കർത്തൃദാസന്മാരായ പാസ്റ്റർ ജേക്കബ് ജോൺ (ഐ.പി.സി. ജനറൽ പ്രസിഡന്റ്), പാസ്റ്റർ പി.എം. ജോൺ (ഐ.പി.സി. എൻ. ആർ. വർക്കിങ്ങ് പ്രസിഡന്റ്), പാസ്റ്റർ കെ. ജോയി (ഐ.പി.സി. ഡൽഹി സ്റ്റേറ്റ് പ്രസിഡന്റ്), പാസ്റ്റർ കെ. വൈ. ഗീവർഗ്ഗീസ് (ഐ.പി.സി. ഹരിയാന സ്റ്റേറ്റ് പ്രസിഡന്റ്), പാസ്റ്റർ ജോർജ് ജോൺ(ഐ.പി.സി.എൻ. ആർ. മായാപുരി) എന്നിവരെ പ്രശംസാ ഫലകങ്ങൾ നൽകി ആദരിച്ചു. പാസ്റ്റർ ടി. പി. ടൈറ്റസ് ഇവർക്കായി ആശീർവാദ പ്രാർത്ഥന നടത്തി.

രക്ഷാധികാരികളായ ബ്രദർ എം. ജോണികുട്ടി, പാസ്റ്റർ ജോർജ് കെ. തോമസ്, ചീഫ് കോർഡിനേറ്റർ പാസ്റ്റർ ടി. എം. ജോസഫ് എന്നിവരുടെ നേതൃത്വത്തിലുള്ള കോർഡിനേറ്റഴ്സും കൺവൻഷൻ കമ്മറ്റിയും കൺവൻഷന്റെ അനുഗ്രഹത്തിനായി പ്രവർത്തിച്ചു.

# എഫ്. സി. ബി. സി.....

(ഒന്നാം പേജിൽ നിന്നും തുടർച്ച)

നടത്താൻ കഴിയാത്തവർക്ക് വേണ്ടിയാണ് പ്രസ്തുത കോഴ്സ്. ഇംഗ്ലീഷിലും മലയാളത്തിലും പഠിക്കുവാനുള്ള അവസരം ഉണ്ടായിരിക്കും. 2006 ൽ ആരംഭിച്ച കോളജിൽ ഇപ്പോൾ മൂന്ന് കോഴ്സുകളിലായി അറുപതോളം വിദ്യാർത്ഥികൾ പഠിക്കുന്നു. അടൂരിലെ സ്ഥാപനത്തിന് പുറമെ കോന്നി പൂങ്കാവിലും കോളജിന് എക്സ്റ്റൻഷൻ കോഴ്സുണ്ട്. യോഗത്തിൽ കോളജ് പ്രിൻസിപ്പൽ പാസ്റ്റർ ബിജു ബഞ്ചമിൻ അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ സുമേഷ് സ്വാഗതവും പാസ്റ്റർ ബോബി പി ജോൺ നന്ദിയും പറഞ്ഞു.

# മാസയോഗം നടന്നു

***അടൂർ:*** ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച്, കേരളാ റീജൺ മാസയോഗം 2013 ഒക്ടോബർ 19 ശനിയാഴ്ച കൊടുമൺ സഭയിൽ വച്ച് നടന്നു. കേരളാ റീജൺ കോ–ഓർഡിനേറ്റർ പാസ്റ്റർ എബി ജോർജ്ജ് യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ വിനോദ് കെ. സങ്കീർത്തന പ്രബോധനം നടത്തി. ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് കിംങ്ങ്സ് വേ ക്യാമ്പ് (ഡൽഹി) ശുശ്രൂഷകൻ പാസ്റ്റർ ബിനു ജോൺ മുഖ്യസന്ദേശം നൽകി. ജീവിതത്തിലെ പരാജയങ്ങളെക്കണ്ട് ഭയപ്പെടുന്നവരെയല്ല ദൈവത്തിനാവശ്യം പ്രത്യുത ദൈവം ആരെന്ന് മനസ്സിലാക്കി ദൈവത്തെ മഹത്വപ്പെടുത്തുന്നവരെയാണെന്ന് പാസ്റ്റർ ബിനു ജോൺ പ്രസ്താവിച്ചു. പാസ്റ്റർ ബിജു ബഞ്ചമിൻ കർത്തൃമേശാശുശ്രൂഷ നിർവ്വഹിച്ചു. ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് കേരളാ റീജണിലെ എല്ലാ ശുശ്രൂഷകരും ദൈവജനവും മാസയോഗത്തിൽ പങ്കെടുത്തു


**വരിസംഖ്യ നിരക്ക്**
**ഒരുവർഷത്തേക്ക്**

| | |
|---|---|
| ഇന്ത്യയിൽ | :36 രൂപ |
| ഗൾഫ് | :300 രൂപ |
| യു.എസ് | :10 $ |
| കാനഡ | :10 $ |


## ക്ഷണിക്കുന്നു

*വിശ്വാസി*യിൽ പ്രസിദ്ധീകരിക്കുന്നതിന് ലേഖനങ്ങൾ, കവിതകൾ, വാർത്തകൾ, ഭാവനകൾ,ചെറുകഥകൾ എന്നിവ ക്ഷണിച്ചുകൊള്ളുന്നു.

*–പത്രാധിപർ*


**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ
പാസ്റ്റർ എം. സാമുവൽകുട്ടി

അസ്സോസിയേറ്റ് എഡിറ്റേഴ്സ്
തോമസ് ഡാനിയേൽ
പാസ്റ്റർ ബിജു ബഞ്ചമിൻ
പാസ്റ്റർ ബിനോയി പി. ജോൺ
ഷിബു തമ്പി

പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ
ചെറിയാൻ ഡാനിയേൽ

ടൈപ്പ് സെറ്റിങ്ങ് : *വിശ്വാസി* ഗ്രാഫിക്സ്, ഡൽഹി

വിശ്വാസി അറിഞ്ഞിരിക്കേണ്ടവ

# ദൈവം തിരഞ്ഞെടുത്ത വിശ്വാസി



പാസ്റ്റർ ബിജു തങ്കച്ചൻ
മുംബൈ

ദൈവം തന്റെ ഉദ്ദേശപൂർത്തിക്കായി വ്യക്തികളെ കാലാകാലങ്ങളായി തിരഞ്ഞെടുക്കുന്നു എന്ന് ബൈബിൾ വ്യക്തമാക്കുന്നു. പഴയനിയമത്തിന്റെ കാതലായ സന്ദേശം യിസ്രായേൽമക്കളുടെ തിരഞ്ഞെടുപ്പാണ്. ദൈവം യിസ്രായേലിനെ തിരഞ്ഞെടുത്ത്, പരിപാലിച്ച് വാഗ്ദത്ത ദേശത്ത് എത്തിച്ച് അവരെ നടത്തുന്ന ചരിത്രമാണ് പഴയനിയമത്തിൽ കാണുന്നത്. തനിക്ക് സ്വന്തജനമായിരിക്കേണ്ടതിനാണ് ദൈവം നിങ്ങളെ തിരഞ്ഞെടുത്തതെന്ന് മോശ യിസ്രായേലിനെ ഓമ്മിപ്പിക്കുന്നു (ആവർത്തനം 7:6). സംഖ്യയിലെ പെരുപ്പം അല്ല മറിച്ച് ദൈവത്തിന്റെ സ്നേഹവും പിതാക്കന്മാരോട് ചെയ്ത വാഗ്ദത്തത്തിന്റെ പൂർത്തീകരണവുമാണ് തിരഞ്ഞെടുപ്പിൽ നിഴലിച്ച് നിന്നത്. അതുകൊണ്ട് തന്നെ അവർ ദൈവത്തിന് സ്വന്തമായിരിക്കണം എന്ന് അവൻ ആഗ്രഹിച്ചു. ദൈവത്തിന് സ്വന്തമായിരിക്കണം എന്നു മാത്രമല്ല ദൈവത്തിനു മാത്രം സ്വന്തമായിരിക്കേണം എന്നാണ് അവരെ തിരഞ്ഞെടുത്തവൻ ആഗ്രഹിച്ചത്. യിസ്രായേൽമക്കൾ തന്നിൽ നിന്ന് അകന്നുപോയപ്പോഴെല്ലാം പ്രവാചകന്മാരിലൂടെയും വിവിധ അനുഭവങ്ങളിലൂടെയും ദൈവം അവരെ തങ്ങളുടെ തിരഞ്ഞെടുപ്പിനെ കുറിച്ച് ബോധ്യപ്പെടുത്തിക്കൊണ്ടിരുന്നു. നിന്റെ പ്രാകാരങ്ങളിൽ പാർക്കേണ്ടതിന് നീ തിരഞ്ഞെടുത്ത് അടുപ്പിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ എന്ന് ദാവീദ് വ്യക്തമാക്കുന്നു (സങ്കീർത്തനം 65:4). ദൈവത്തിന് സ്വന്തമായി, ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നവരായി നിരന്തരം അവന്റെ സന്നിധിയിൽ വസിക്കുന്നത് എത്ര ഭാഗ്യമാണ്.

പഴയ നിയമത്തിൽ ഒരു ജാതിയെ ദൈവത്തിന്റെ സ്വന്തമാക്കി തീത്തെങ്കിൽ പുതിയ നിയമം സമസ്തമാനവ കുലത്തിനും ഒരു വിശാലമാർഗ്ഗം തുറന്നു തരികയാണ്. അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളാകുവാനുള്ള അധികാരമാണ് ദൈവം നൽകിയിരിക്കുന്നത്. ഏത് ജാതിയെന്നോ, മതമെന്നോ, വർഗ്ഗമെന്നോ, വർണ്ണമെന്നോ ഇല്ലാതെ എല്ലാവർക്കുമായി തുറന്നിട്ടിരിക്കുന്ന ഭാഗ്യകരമായ അവസ്ഥ.

നാം വിശുദ്ധരും നിഷ്കളങ്കരുമായി ദൈവസന്നിധിയിൽ നിൽക്കേണ്ടതിന് അവൻ ലോകസ്ഥാപനത്തിനുമുമ്പെ നമ്മെ അവനിൽ തിരഞ്ഞെടുത്തു എന്നാണ് പുതിയ നിയമ സഭയെ കുറിച്ച് പൗലൊസിന്റെ അഭിപ്രായം( എഫെസ്യർ 1:4). ജ്ഞാനികളെയും ബലമുള്ളതിനെയും ലജ്ജിപ്പിക്കേണ്ടതിന് ഭോഷത്വമായതും ബലഹീനമായതും തിരഞ്ഞെടുത്ത ദൈവത്തിന്റെ പദ്ധതി എത്ര അഹോചരം (1 കൊരിന്ത്യർ 1:27-28). ലോകത്തിൽ കുലഹീനവും നികൃഷ്ടവും ഏതുമില്ലാത്തതുമായതിനെ തിരഞ്ഞെടുക്കുന്നതിലൂടെ സകലർക്കും സ്വയപ്രശംസക്കുള്ള അവസരം അവൻ ഇല്ലാതാക്കി. ശിഷ്യന്മാരെ തിരഞ്ഞെടുക്കുമ്പോൾ തനിക്ക് ബോധിച്ചവരെ അടുക്കൽ വിളിച്ചു എന്നാണ് എഴുതിയിരിക്കുന്നത് (മർക്കൊസ് 3:13).

> **അന്ധകാര പൂർണ്ണമായ ജീവിത അനുഭവങ്ങളിൽ നിന്നും വെളിച്ചത്തിന്റെ അവസ്ഥയിലേക്കാണ് വിളിച്ചിരിക്കുന്നത്. ഏതു മനുഷ്യനേയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചമായ ക്രിസ്തുവിലേക്കാണ് നമ്മെ എത്തിച്ചിരിക്കുന്നത്. വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിക്കുക എന്ന വലിയ ദൗത്യം നമുക്കുണ്ട്**

ദൈവത്തിന്റെ വിളി അത്ഭുത പ്രകാശത്തിലേക്കുള്ള വിളിയാണ്. അന്ധകാര പൂർണ്ണമായ ജീവിത അനുഭവങ്ങളിൽ നിന്നും വെളിച്ചത്തിന്റെ അവസ്ഥയിലേക്കാണ് വിളിച്ചിരിക്കുന്നത്. ഏതു മനുഷ്യനേയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചമായ ക്രിസ്തുവിലേക്കാണ് നമ്മെ എത്തിച്ചിരിക്കുന്നത്. വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിക്കുക എന്ന വലിയ ദൗത്യം നമുക്കുണ്ട് (1 പത്രൊസ് 2:9). നമുക്ക് ലഭിച്ച വെളിച്ചം മറ്റുള്ളവർക്ക് പകർന്ന് കൊടുക്കുന്നതിലൂടെയാണ് നമ്മുടെ ജീവിതം ഫലവത്തായി തീരുന്നത്. നാം ഫലം കായിക്കണം എന്നാണ് നമ്മെ തിരഞ്ഞെടുത്തവന്റെ ആഗ്രഹം( യോഹ. 15: 16)

ദൈവം നമ്മെ വിളിച്ചിരിക്കുന്നത് നിത്യതയ്ക്ക് ഓഹരിക്കാരായി തീരുവാനാണ്. യോഗ്യത നോക്കാതെ നമ്മെ തിരഞ്ഞെടുത്ത് ദൈവകൃപ നമ്മുടെ മേൽ പകർന്ന് നമ്മെ സൂക്ഷിച്ചിരിക്കുന്നത് നിത്യതയിൽ അവനോട് കൂടെ വെളിപ്പെടേണ്ടതിനാണ്. നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നമ്മളും അവനോടു കൂടെ തേജസ്സിൽ വെളിപ്പെടും (കൊലോസ്യർ 3:4). തിരഞ്ഞെടുക്കപ്പെട്ട വിശ്വാസിയുടെ പ്രത്യാശയതാണ്.


## വിശ്വാസ ഗീതങ്ങൾ

*ഒരു ഉത്തമ ഗാനോപഹാരം*

**മലയാളം, ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, റോമൻ സ്ക്രിപ്റ്റിലുമായി 1000ൽപരം ഗാനങ്ങൾ**

കൂടാതെ സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ, പ്രേംവാണി(ഹിന്ദി), കൺവൻഷൻ ഗാനങ്ങൾ, സ്നേഹമാധുരി, പ്രേമമാധുരി(തെലുങ്ക്), സ്നേഹ നിധി (എം. പി. ത്രി) എന്നീ ആഡിയോ സിഡികളും ലഭ്യമാണ്

കോപ്പികൾക്ക്:-

**Pastor M. Samuelkutty**
Yash Niwas, Flat no 101, First Floor, 96/E,
Ward No: 2, Mehrauli, New Delhi-110030


# കോരുന്ന ദാഹജലം കോരാത്ത ജീവജലം

(നാലാം പേജിൽ നിന്നും തുടർച്ച)

പർവ്വതങ്ങളും സമുദ്രവും എല്ലാം ദൈവങ്ങളായി അവന്റെ മുന്നിൽ അവതരിച്ചു. തനിക്കിഷ്ടമുള്ള രൂപത്തിൽ അവൻ എല്ലാറ്റിനേയും കുടിയിരുത്തി. ദൈവങ്ങൾക്കൊപ്പം ഉണ്ടും ഉറങ്ങിയും കാലം പോക്കി വന്ന മനുഷ്യരുടെ നടുവിൽ ഒരിക്കൽ കാലസമ്പൂർണ്ണതയും വന്നെത്തി. അവിടെ കന്യകയുടെ ഉദരത്തിൽ പരിശുദ്ധാത്മാവിനാൽ ഉളവായി ഒരു ശിശു ജനിച്ചു, അവൻ വളർന്നു, ദൈവാലയത്തിൽ പന്ത്രണ്ടാം വയസിൽ കഴിവു തെളിയിച്ചു, ജ്ഞാനത്തിൽ വിളങ്ങി, മുപ്പതാം വയസിൽ സ്നാനപ്പെട്ടു; സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ എന്ന് പറഞ്ഞ് പ്രസംഗം ആരംഭിച്ചു. അവൻ ഇതാ ഇവിടെ ശമര്യക്കാരിയുടെ മുന്നിലും വന്നു; ഞങ്ങളും നിങ്ങളും എന്നു പറഞ്ഞു നടന്ന ആ സ്ത്രീയും പറഞ്ഞുതുടങ്ങി നമ്മൾ എന്ന ആശയം. പ്രീയ സ്നേഹിതരേ കർത്താവായ യേശുവിന്റെ ഏറ്റവും വലിയ ദൗത്യം നടുച്ചുവരുകൾ ഇടിച്ചു കളഞ്ഞ് മനുഷ്യനെ ഒന്നാക്കി ദൈവത്തോട് നിരപ്പാക്കുക എന്നതായിരുന്നു.

നമ്മൾ എന്നത് കേവലമൊരു പദമല്ല മറിച്ച് അതൊരു പ്രയോഗമാണ്; ഏതൊരു മനുഷ്യനും നെഞ്ചോടു ചേർത്തു വയ്ക്കേണ്ടുന്ന ഒരു പ്രയോഗം. അതിന്റെ വക്താവ് ദൈവം തന്നെയാണ് എന്നതിനു ദൈവ വചനം തന്നെ സാക്ഷി നിൽക്കുന്നു. ഉത്പത്തി 1:26 -ൽ നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം എന്നു പറഞ്ഞാണ് മനുഷ്യനെ സൃഷ്ടിക്കുവാൻ തീരുമാനം എടുത്തത്. ദൈവസൃഷ്ടിയിൽ നാം എന്ന അതേ പ്രയോഗം നിലനിർത്തേണ്ടതിന് ദൈവം നരനിൽ നിന്നും നാരിയെ ഉണ്ടാക്കി, അവർ ഏകദേഹമായിത്തീരും എന്ന വാഗ്ദത്തവും നൽകി (ഉത്പത്തി 2:23-24). എന്നാൽ ദൈവീക വാഗ്ദത്തത്തിന്റെ കടയ്ക്കൽ കോടാലി വയ്ക്കുവാൻ സകല തന്ത്ര, കുതന്ത്രങ്ങളുടെയും ഉപജ്ഞാതാവായ സാത്താൻ എന്ന മഹാകൗശലക്കാരൻ പാമ്പിന്റെ രൂപത്തിൽ മനുഷ്യനെ വഞ്ചിച്ചു. ഒരു ദേഹമായി എന്നു പറഞ്ഞു നടന്നവർ പിന്നീട് രണ്ടു ദേഹമായി പരസ്പരം തള്ളിപ്പറയുന്ന കാഴ്ച ഹൃദയ വേദനയോടു കൂടി മാത്രമേ നമുക്ക് ചിന്തിക്കാൻ സാധിക്കുകയുള്ളു.

മനുഷ്യന്റെ സൃഷ്ടിയിൽ അവരെ ഒന്നിപ്പിച്ച് നിർത്തിയ ദൈവീക പദ്ധതിയെ സാത്താൻ തന്റെ തന്ത്രത്താൽ കീഴ്മേൽ മറിച്ചു കളഞ്ഞപ്പോൾ തന്നെ മനുഷ്യന്റെ വായിൽ നിന്നും വന്ന വാക്കുകൾ ഞാനെന്ന ഭാവത്തിൽ നിന്നായിരുന്നു. തോട്ടത്തിൽ നിന്റെ ഒച്ച കേട്ടിട്ട് ഞാൻ നഗ്നനാകകൊണ്ട് ഭയപ്പെട്ട് ഒളിച്ചു. വീണ്ടും അവൻ ഇങ്ങനെ തുടരുന്നു, എന്നോടു കൂടെ ഇരിക്കുവാൻ നീ തന്നിട്ടുള്ള സ്ത്രീ, നിലനിൽപ്പിനു വേണ്ടി ദൈവത്തിന്റെ മുമ്പിലാണ് മനുഷ്യൻ ആദ്യമായി ഞാനും, നീയും എന്നു പറഞ്ഞ് രണ്ടായി മാറിയത്. എന്നിട്ടും പരിഹാരങ്ങൾ ചെയ്ത് അവരെ ഒന്നിപ്പിച്ചു നിർത്താൻ ദൈവം ആഗ്രഹിച്ചിട്ടും അനന്തരം വന്ന തലമുറ രണ്ടായി പിരിഞ്ഞു ഒരുത്തൻ മറ്റൊരുത്തനെ കൊല്ലുന്ന ഭയാനകമായ സംഭവത്തിനുവരെ നാം സാക്ഷികളാകുന്നു. സാത്താൻ ദൈവപദ്ധതികളെ അപ്പാടെ തകിടം മറിച്ചുകളയുവാൻ മനുഷ്യനെ വീഴ്ത്തിക്കളഞ്ഞു, പക്ഷേ അത്തിയില കൊണ്ട് ഉടയാട ഉണ്ടാക്കി ദൈവം ഇരുവരേയും ഉടുപ്പിച്ച് ഒന്നാക്കി. കാലങ്ങൾ കഴിയുന്തോറും വേർപിരിക്കലും ഒന്നിച്ചു ചേർക്കലുമായി നാമും ഈ കാലഘട്ടത്തിൽ ജീവിച്ച് പോകുന്നു. ക്രിസ്തു മുഖാന്തരം ദൈവം കാട്ടൊലിവായ നമ്മെ നാട്ടൊലിവോടു ഒട്ടിച്ചു ചേർത്ത് എന്ന് വിശുദ്ധ പൗലൊസ് റോമാ ലേഖനം 11ൽ പറയുമ്പോഴും നമ്മെ എങ്ങനെ അതിൽ നിന്നും വീഴ്ത്തിക്കളയാം എന്നു ചിന്തിച്ചുകൊണ്ട് സാത്താനും തന്റെ പുതിയ തന്ത്രങ്ങളുമായി നമ്മുടെ ഇടയിലേക്ക് വരുന്നു. ശ്രദ്ധിച്ചിരിക്കുക പ്രീയമുള്ളവരേ.... വീണ്ടെടുക്കപ്പെട്ടവരുടെ ഇടയിലെ ഏറ്റവും വലിയ സാത്താന്റെ ആയുധങ്ങളാണ് വിഭാഗീയതയും, സ്വജനപക്ഷപാതവും. വാക്കുകളിൽ തികഞ്ഞ വിശ്വാസിയും പ്രവർത്തിയിൽ ലോക മനുഷ്യരെപ്പോലും തോൽപ്പിക്കുന്ന ജീവിത നിലവാരവുമായി ഇന്നു ദൈവസഭയിൽ ആത്മാക്കളുടെ എണ്ണം പെരുകി കൊണ്ടിരിക്കുന്നു. ഒരു വിശ്വാസിയ്ക്ക് മറ്റൊരു വിശ്വാസിയുമായി കൂട്ടുകൂടുവാൻ ഉള്ള യോഗ്യത ഒരുവൻ രക്ഷിക്കപ്പെട്ടു, മാനസാന്തരപ്പെട്ടു, സ്നാനപ്പെട്ടു, പരിശുദ്ധാത്മാഭിഷേകം പ്രാപിച്ചു എന്നായിരിക്കെ, വീടിന്റെ വലിപ്പവും, വേഷത്തിന്റെ പകിട്ടും, കാറിന്റെ മോഡലും, പേഴ്സിന്റെ കനവും യോഗ്യതകളായി മാറുമ്പോൾ ഒരു കാര്യം തീർച്ചയാണ് ആദാമിനെയും ഹവ്വയെയും പഴത്തിന്റെ പേരിൽ ഞാനും നീയുമാക്കിയ സാത്താൻ നൻമകളുടെ പേരിൽ, നശിച്ചു പോകുന്ന, അഴുകിപ്പോകുന്ന, വ്യർത്ഥമായ ലോക സൗന്ദര്യത്തിന്റെ പേരിൽ, നമ്മെ ഞാനും നീയുമാക്കി മാറ്റിക്കൊണ്ടിരിക്കുന്നു, അഥവാ ഞങ്ങളും നിങ്ങളുമാക്കിക്കൊണ്ടിരിക്കുന്നു. ഓരോ ദിവസവും സാത്താന്റെ തന്ത്രങ്ങളെ കണ്ടറിഞ്ഞു ജീവിക്കുവാൻ ദൈവത്തോടു ഉള്ളുരുകി പ്രാർത്ഥിച്ചു മുന്നേറാം.

തുടരും

87, Tenement-II, RBTB Hospital,
Kingsway Camp, Delhi-110009
India

# VISWASI

POSTAL REGN.NO.D L 07 / 0138 / 12 - 14
NEWSPAPER REGN. No. 65362 / 97
Price Rs. 3/-

Tel : 011- 27658810, Fax : 91-11-27658810, e-mail : icm4india@yahoo.com, website- www.indianchristianmission.com

(കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച)

## കോരുന്ന ദാഹജലം കോരാത്ത ജീവജലം



പാസ്റ്റർ പ്രിൻസ് പുന്നുച്ചിറകുളത്തിൽ
ഗാസിയാബാദ്

*അതിന് യേശു: നീ ദൈവത്തിന്റെ ദാനവും നിന്നോടു കുടിപ്പാൻ ചോദിക്കുന്നവൻ ആരെന്നും അറിഞ്ഞിരുന്നു എങ്കിൽ നീ അവനോട് ചോദിക്കുകയും അവൻ ജീവനുള്ള വെള്ളം നിനക്കു തരികയും ചെയ്യുമായിരുന്നു(യോഹ.4:8)*

നമ്മുടെ പിതാവായ യാക്കോബിനേക്കാൾ നീ വലിയവനോ? ഉത്കണ്ഠയുടെയും, ജിജ്ഞാസയുടെയും അത്ഭുതത്തിന്റെയും ഒരിക്കലും തീരാത്ത അമ്പുകൾ നിറഞ്ഞ ഒരു ആവനാഴി പോലെയായിരുന്നു ശമര്യാക്കാരിയുടെ മനസ്സ്. അതിൽ നിന്നും ചോദ്യശരങ്ങൾ ഒന്നൊന്നായി യേശുവിങ്കലേക്ക് തൊടുത്തുവിടുകയാണ്. രണ്ട് ജാതികൾ എന്ന വിഷയത്തിൽ നിന്നും ജീവജലത്തിൽ കൂടി അവൾ ഇതാ ഇവിടെ പാരമ്പര്യത്തിലെത്തി നിൽക്കുകയാണ്. നമ്മുടെ പിതാവായ യാക്കോബ് എന്നു പറഞ്ഞതിൽ കൂടി അവൾ തന്നെ പറയുകയാണ് നീ യഹൂദനല്ല, ഞാൻ ശമര്യാക്കാരിയുമല്ല, മറിച്ച് നമ്മൾ പിതാവായ യാക്കോബിന്റെ സന്തതികളാണ്. എത്ര ശരിയായ വാക്കുകൾ; ദേശത്തിന്റെയും തൊഴിലിന്റെയും അടിസ്ഥാനത്തിൽ വിഭജിക്കപ്പെട്ടുപോയ മനുഷ്യൻ, കുടുംബം കുടുംബമായും കുലം കുലമായും ശേഷം ഗോത്രംഗോത്രമായും പിന്നെ ജാതി ജാതിയായും വിഭജിക്കപ്പെട്ടു പോയത് എത്ര വേഗത്തിലായിരുന്നു.

സൃഷ്ടിയുടെ മണിമകുടമായ മനുഷ്യൻ ദൈവത്തിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലുമായിരുന്നു. മറ്റൊരു ദൈവസൃഷ്ടിക്കും അവകാശപ്പെടാനില്ലാത്ത ആ വിശേഷണം മനുഷ്യന് ഒരു അലങ്കാരമായിരുന്നില്ല; അതൊരു അഭിമാനം തന്നെയായിരുന്നു. ഏക മനുഷ്യനാൽ ഉളവായ ബഹുമനുഷ്യർ പക്ഷേ അതിനോട് നീതി പുലർത്തുവാൻ തയ്യാറായില്ല. ദൈവീക പദ്ധതികളേപ്പോലും വെല്ലുവിളിച്ച മനുഷ്യൻ തങ്ങൾ കെട്ടിപ്പോക്കിയ ഗോപുരത്തിന്റെ കീഴിൽ പല വിഭാഗങ്ങളായി, ഭാഷക്കാരായി ചിതറിപ്പോയ ചരിത്രം വേദപുസ്തകം വ്യക്തമായി ഉത്പത്തി 11-ാം അദ്ധ്യായത്തിൽ വരച്ചുകാണിക്കുന്നു.

> **വീണ്ടെടുക്കപ്പെട്ടവരുടെ ഇടയിലെ ഏറ്റവും വലിയ സാത്താന്റെ ആയുധങ്ങളാണ് വിഭാഗീയതയും സ്വജനപക്ഷപാതവും. വാക്കുകളിൽ തികഞ്ഞ വിശ്വാസിയും പ്രവർത്തിയിൽ ലോക മനുഷ്യരെപ്പോലും തോൽപ്പിക്കുന്ന ജീവിത നിലവാരവുമായി ഇന്നു ദൈവസഭയിൽ ആത്മാക്കളുടെ എണ്ണം പെരുകി കൊണ്ടിരിക്കുന്നു**

അമേരിക്ക മുതൽ അന്റാർട്ടിക്ക വരെ ചിതറിപ്പാർക്കാൻ മനുഷ്യർ ഇന്നും ശ്രമിച്ചുകൊണ്ടിരിക്കുന്നു. നമ്മൾ എന്ന ആശയം ഞങ്ങൾ എന്ന ആശയത്തിന് വഴിമാറിയതിനാൽ ഇവിടെ കലഹങ്ങളും യുദ്ധങ്ങളും മത്സരബുദ്ധിയുമായി മനുഷ്യൻ പോരടിച്ച് മരിക്കുന്നു. ഓരോ മനുഷ്യനും താൻ ഉൾപ്പെടുന്ന വിഭാഗത്തെ മാത്രം ലോകത്തിൽ നിലനിർത്തിയാൽ മതി എന്ന് ധരിച്ചുകൊണ്ട് ഇതര വിഭാഗങ്ങളെ ഉൻമൂലനം ചെയ്യുവാൻ അക്ഷീണം പരിശ്രമിച്ചു കൊണ്ടിരിക്കുന്നു. നമ്മൾ എന്നതിനു പകരം ഞങ്ങൾ എന്ന ചുരുക്കപ്പേരിലേയ്ക്ക് മനുഷ്യനെ കൊണ്ടു പോകുന്ന സാത്താന്യ ആശയങ്ങളെ പലപ്പോഴും ലോകത്തിന് മനസ്സിലാകാതെ പോകുന്നു. ബാബേൽ ഗോപുര നടയിൽ നിന്നും ഭാഷ കലങ്ങി ഒറ്റപ്പെട്ടു പോയ മനുഷ്യൻ തന്റെ ഭാഷ മനസ്സിലാക്കുകയും സംസാരിക്കുകയും ചെയ്യുന്ന മറ്റൊരുവനെ കൂട്ട് പിടിച്ച് യാത്രയായി. അതിജീവനത്തിന്റെ പാത തേടി നാനാദിക്കിലേക്കും ചിതറിപ്പോയ മനുഷ്യൻ തന്റേതായ ലോകം ഉണ്ടാക്കിയെടുക്കുവാൻ അക്ഷീണം പരിശ്രമിച്ചു. കാലങ്ങൾ മിന്നി മറഞ്ഞു. യഥാർത്ഥ സൃഷ്ടിതാവിനെ ലോകം മറന്നു തുടങ്ങി. തന്നെക്കാൾ ശക്തിയുള്ള മറ്റെന്തിനേയും അവൻ ഭയപ്പെട്ടു പിന്നെ ദൈവമാക്കി, കാറ്റും മഴയും ഇടിയും മിന്നലും അഗ്നിയും ആകാശവും സൂര്യനും ചന്ദ്രനും

(ശേഷം മൂന്നാം പേജിൽ)




കോപ്പികൾക്ക് ബന്ധപ്പെടുക: Pr. M. Samuelkutty, Flat no 101, Block -A, 96/E, Ward No: 2, Mehrauli, New Delhi-110 030

വേദവിചാരം

## കുരുന്നുകളോട് കരുണ കാട്ടുക



പാസ്റ്റർ ബിജു ബഞ്ചമിൻ
അടൂർ

**വാ**ർത്താ മാധ്യമങ്ങൾ പുറത്തുകൊണ്ടുവരുന്ന ചൂടുള്ള വാർത്തകളിൽ നമ്മുടെ ഹൃദയം പിടിച്ചു കുലുക്കിയ വാർത്തകളായിരുന്നു കുഞ്ഞുങ്ങൾക്കുനേരെയുള്ള പീഡനങ്ങൾ. അച്ഛന്റെയും രണ്ടാനമ്മയുടെയും ക്രൂര പീഡനങ്ങൾക്ക് ഇരയായി മരണത്തെ മുഖാമുഖം കണ്ട ഷെഫീക്ക് എന്ന കുഞ്ഞിന്റെ കദന കഥ നാം കണ്ണുനീരോടെയാണ് വായിച്ചറിഞ്ഞത്. ഒരു ജനതതി മുഴുവൻ ജാതി മത വ്യത്യാസമില്ലാതെ ആ കുട്ടിക്കുവേണ്ടി പ്രാർത്ഥിച്ചു. കാരുണ്യഹൃദയരായ ആളുകളുടെ മനസ്സുതുറന്നുള്ള സഹായങ്ങളുണ്ടായി. അവനെ ചികിത്സിച്ച ആശുപത്രി അധികൃതരും വളരെ മാതൃക കാട്ടി. സർക്കാർ തന്നെ പ്രശ്നത്തിൽ ഇടപെട്ട് കുട്ടിയുടെ ചികിത്സാ ചെലവ് വഹിച്ചു. പുഞ്ചിരിക്കുന്ന മുഖത്തോടെ നാട്ടിലേക്ക് വരാനൊരുങ്ങുകയാണ് കൊച്ചുഷെഫീക്ക്. കുരുന്നുകളോട് കനിവ് കാട്ടുവാൻ കേരളീയർ പ്രതിജ്ഞാ ബദ്ധരായി മുന്നോട്ടിറങ്ങി എന്ന സന്തോഷത്തിന് മങ്ങലേൽപ്പിച്ചുകൊണ്ട് സമാനമായ പലസംഭവങ്ങളും വീണ്ടും അരങ്ങേറിയത് നിരാശ പരത്തി. നാലു വയസ്സുള്ള പെൺകുട്ടിയെ സ്വന്തം അമ്മയും കൂട്ടരും ചേർന്ന് കൊന്ന് നിർമ്മാണസ്ഥലത്ത് കുഴിച്ചിട്ടെന്ന പത്രവാർത്ത ഞെട്ടലോടെ മാത്രമേ വായിക്കുവാൻ കഴിഞ്ഞുള്ളു (*മാതൃഭൂമി* ഒക്ടോബർ 31). വാർത്താ ചാനലുകൾ ആ ദൃശ്യങ്ങൾ കാട്ടിയപ്പോൾ എന്റെ കൊച്ചു കുഞ്ഞിനെ മാറോട് ചേർത്ത് ഞാനും എന്റെ ഭാര്യയും പൊട്ടിക്കരഞ്ഞുപോയി. മനസ്സാക്ഷി മരവിച്ച സമൂഹത്തിന്റെ അധാർമ്മികതയുടെ നേർക്കാഴ്ചകളാണിവ. നൊന്തു പ്രസവിച്ച അമ്മയും അവരെ സഹായിച്ച അനുചരന്മാരും പ്രതിക്കൂട്ടിൽ നിൽക്കുമ്പോൾ മൂന്ന് ചിന്തകളാണ് പ്രധാനമായി ഉയരുന്നത്. നഷ്ടബാല്യങ്ങളുടെ തോരാത്ത കണ്ണീർ കഥകൾ, മാതാപിതാക്കളുടെ സമീപനങ്ങൾ, സമൂഹത്തിന്റെ കടപ്പാടുകൾ എന്നിവ.

മക്കൾ യഹോവ നൽകുന്ന അവകാശവും ഉദരഫലം അവൻ തരുന്ന പ്രതിഫലവും തന്നേ. വീരന്റെ കൈയ്യിലെ അസ്ത്രങ്ങൾ എങ്ങനെയോ അങ്ങനെയാകുന്നു യൌവ്വനത്തിലെ മക്കൾ (സങ്കീ. 127:3,4). മക്കളെക്കുറിച്ച് ബൈബിൾ പറയുന്ന വിഖ്യാത വാക്കുകളാണിവ. വേദപുസ്തകം കുഞ്ഞുങ്ങൾക്ക് വളരെ പ്രാധാന്യം നൽകുന്നു. കുടുംബത്തിലെ പ്രധാന ഘടകമാണ് മക്കൾ. തായ് വൃക്ഷത്തിന്റെ ചുറ്റിലും തഴച്ചുവളരുന്ന ഒലിവു തൈകളായി വേദപുസ്തകം അവരെ വരച്ചുകാട്ടുന്നു. കുഞ്ഞുങ്ങളെ എന്റെ അടുക്കൽ വിടുവിൻ അവരെ തടയരുത്, ദൈവരാജ്യം ഇങ്ങനെയുള്ളവർക്കാണ് എന്ന് യേശു പറഞ്ഞ ബാല്യത്തിന്റെ പ്രാധാന്യത വരച്ചുകാട്ടി. അഞ്ചു വയസ്സ് മുതൽ പന്ത്രണ്ട് വയസ്സുവരെയുള്ള ഘട്ടത്തിന് ബാല്യം എന്ന് പറയുന്നു. ഈ ഘട്ടത്തിൽ ബുദ്ധിപരമായും ശാരീരികമായും കുട്ടികൾ വളരുന്നു. ഭാവനാശക്തി വർദ്ധിപ്പിക്കുന്നതിനും ഉത്തമ വികാരങ്ങൾ ഉളവാക്കുവാനും പറ്റിയ കാലമാണിതെന്ന് നമുക്കറിയാം. സ്വയം ആലോചിക്കുകയും ചിന്തിക്കുകയും പരീക്ഷണങ്ങൾ നടത്തുകയും ചെയ്യുവാൻ കുട്ടികൾ മുതിരുന്ന സമയമാണിത്. അവരുടെ ഭാവനകൾ ചിറകടിച്ചുയരേണ്ട സ്ഥാനത്ത് തീവ്രമായ പീഡനങ്ങൾക്ക് അവർ വിധേയരാകുന്നു. യൂണിസെഫിന്റെ അഭിപ്രായത്തിൽ കുട്ടികൾക്ക് നേരെയുള്ള പീഢനങ്ങൾ അനവധിയാണ്. മാനസികവും ശാരീരികവുമായി പീഡിപ്പിക്കുകയും മുറിവേൽപ്പിക്കുകയും ചെയ്യുക, വേണ്ടതായ ചികിത്സകൾ നടത്താതിരിക്കുക അല്ലെങ്കിൽ അവ കണ്ടില്ലെന്ന് നടിക്കുക, വീടുകളിലും സ്കൂളുകളിലും തെരുവുകളിലും ജോലിസ്ഥലങ്ങളിലും ലൈംഗീകമായി ചൂഷണം ചെയ്യുക എന്നിവ അവയിൽ ചിലത് മാത്രമാണ്. ഇങ്ങനെയുള്ള പീഡനങ്ങൾ കുട്ടികളുടെ സ്വഭാവികമായ വളർച്ചയെയും വികാസത്തെയും ബാധിക്കും.

മക്കളെ വളർത്തുവാനുള്ള തുല്യ ഉത്തരവാദിത്വമാണ് മാതാപിതാക്കൾക്കുള്ളത്. മാതാവിനും പിതാവിനും കുടുംബത്തിലുള്ള സ്ഥാനവും കുട്ടികളുടെ മേൽ അവർക്കുള്ള സ്വാധീനവും വ്യത്യസ്ഥമാണ്. നല്ലൊരു ശതമാനം കുട്ടികളും കുടുംബത്തിൽ കുറ്റപ്പെടുത്തലുകളാണ് ഏറ്റുവാങ്ങുന്നത്. ഇത് വിപരീതമായ വികസനത്തിലേക്ക് വഴിതെളിക്കുന്നു. കുട്ടികൾ ചെയ്യുന്ന കൊച്ചു കൊച്ചു കാര്യങ്ങൾക്ക് ലഭിക്കുന്ന അഭിനന്ദനമാണ് അവരിൽ ആത്മധൈര്യം ഉളവാക്കുന്നത്. കുട്ടികളോടു മാതാപിതാക്കൾ കാട്ടുന്ന നിഷേധാത്മക സമീപനം കുട്ടികളുടെ ആത്മാഭിമാനത്തെ തകർക്കുന്നു നേരെമറിച്ച് ക്രിയാത്മക സമീപനം അവരിൽ ഗുണകരമായ വ്യത്യാസങ്ങൾ വരുത്തിത്തീർക്കും. തെറ്റും ശരിയും വ്യക്തമായി മനസ്സിലാക്കിയിട്ടു മാത്രമേ നാം കുട്ടികൾക്ക് ശിക്ഷ നൽകാവൂ. തെറ്റും ശരിയും ബോധ്യപ്പെടുത്തുന്നതിനു വേണ്ടിയായിരിക്കണം ശിക്ഷിക്കുന്നത്. കുട്ടികൾക്ക് വളരുവാൻ ആവശ്യമായ ആത്മീകവും ഭൗതികവുമായ സാഹചര്യങ്ങൾ മാതാപിതാക്കൾ സൃഷ്ടിക്കണം. മാതൃകയുള്ള ജീവിതവും ധാർമ്മിക ബോധനവും അത്യന്താപേക്ഷിതമാണ്.

മോശയുടെ ജീവിതം ഇവിടെ ചിന്തനീയമാണ്. പ്രതികൂലം നിറഞ്ഞ ഒരു സാഹചര്യത്തിലാണ് മോശ ജനിച്ചത്. പിറന്ന് വീഴുന്ന ആൺകുട്ടികളെയെല്ലാം കൊന്നൊടുക്കുവാൻ കൽപ്പന വന്നപ്പോൾ മോശയുടെ മാതാപിതാക്കൾ വ്യത്യസ്ഥരായി ചിന്തിച്ചു. മോശ ദിവ്യസുന്ദരൻ എന്ന് മാതാപിതാക്കൾ കണ്ടു. അവനെ മരണത്തിന് ഏൽപ്പിക്കുവാൻ അവർക്ക് മനസ്സുവന്നില്ല. സകല ശക്തിയോടും കൂടെ അവർ അവനെ ഒളിപ്പിച്ചു. അവർക്ക് അത് തുടർന്ന് സാധിക്കാതെ വന്നപ്പോൾ ഞാങ്ങണപ്പെട്ടിയിലാക്കി ദൈവകരങ്ങളിൽ ഏൽപ്പിച്ചു. ദൈവം ആ പെട്ടകത്തെ ഫറവോന്റെ പുത്രിയുടെ കരങ്ങളിലേക്കും. എവിടെ നിന്ന് കൊല്ലുവാനുള്ള കൽപ്പന പുറപ്പെട്ടുവോ അവിടെ ദൈവം മോശയെ പാർപ്പിച്ചു. യിസ്രായേൽ ജനത്തെ അടിമച്ചങ്ങലയിൽ നിന്ന് പുറത്തുകൊണ്ടുവരുവാൻ യഹോവയായ ദൈവത്തിന്റെ ദാസനായി മോശ രൂപാന്തരപ്പെട്ടു. ഇസ്രായേലിന് അവനിലൂടെ മോചനം കരഗതമായി. ക്രമരഹിതമായ ഒരു സമൂഹത്തെ മരുഭൂമിയിലൂടെ നടത്തി പരിശീലിപ്പിച്ച് വാഗ്ദത്ത നാടായ കനാന്റെ പടിവാതിലോളം എത്തിക്കുവാൻ മോശയ്ക്ക് കഴിഞ്ഞു. ഇതിന് കാരണമായത് മോശയുടെ മാതാപിതാക്കളുടെ നിശ്ചയദാർഢ്യമാണ്. ഈ തലമുറയിലെ മാതാപിതാക്കൾക്കും സമൂഹത്തിനുമുള്ള സന്ദേശം കൂടിയാണിത്. പിറക്കുന്ന ഓരോ കുഞ്ഞിലും ഈ ദിവ്യത്വം കാണുവാൻ നമുക്ക് കഴിഞ്ഞാൽ തെരുവിലേക്ക് അവർ വലിച്ചെറിയപ്പെടുകയില്ല, ചൂഷണത്തിന് അവരെ ഏൽപ്പിക്കുകയില്ല. മാതൃകാപരമായ ജീവിതത്തോടെ കുഞ്ഞുങ്ങളെ ദൈവകരങ്ങളിലേൽപ്പിച്ചാൽ അനുഗ്രഹീതമായ തലമുറയായി അവർ രൂപാന്തരപ്പെടും. ഈ കുരുന്നുകളോട് കരുണകാട്ടുവാൻ നമുക്ക് കർമ്മോത്സുകരാകാം.

Edited, Printed, Published and Owned by Pastor M. Samuelkutty, 87 Tenement-II, RBTB Hospital, Delhi-9, at New Life Printers (P) Ltd, Delhi-9, Tel : 32607442